**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5069** **11-08-2021 - ൽ മറുപടിയ്ക്ക്**

**എമർജൻസി റസ്പോൺസ് ടീമിനുള്ള പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ വെള്ളപ്പൊക്കം, മഴക്കെടുതി തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകാൻ ഇടയുള്ള സാഹചര്യത്തിൽ പ്രാദേശികമായി പഞ്ചായത്ത്, മുൻസിപ്പൽ തലത്തിൽ എമർജൻസി റസ്പോൺസ് ടീമിന് പരിശീലനം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | തദ്ദേശ സ്ഥാപന തല എമർജൻസി റെസ്പോൺസ് ടീമംഗങ്ങൾക്ക് പൊതുവായ പരിശീലനം കില മുഖേന നൽകി വരുന്നുണ്ട്. പരിശീലനം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു . |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

1. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ദുരന്തനിവാരണ പദ്ധതി രൂപീകരിക്കുന്നതിനുള്ള "നമ്മൾ നമുക്കായ്" ജനപങ്കാളിത്ത ക്യാമ്പയിനിന്റെ ഭാഗമായി 04/12/2019 തിയ്യതിയിലെ സ.ഉ.(കൈ) നം.156/2019/ത.സ്വ.ഭ.വ, 14/01/2020 തിയ്യതിയിലെ 14/2020/ത.സ്വ.ഭ.വ ഉത്തരവുകളുടെ പശ്ചാത്തലത്തിൽ തദ്ദേശസ്ഥാപനതലത്തിൽ ദുരന്തനിവാരണ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടും എമർജൻസി റസ്പോൺസ് ടീം (ഇ.ആർ.ടി) തലത്തിൽ നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ചും സമഗ്രമായ പരിശീലന പ്രവർത്തനങ്ങൾ നാല് ഘട്ടങ്ങളിലായി കില ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന ജില്ലാതല മാസ്റ്റർ ട്രെയിനർമാർക്കുള്ള പരിശീലക പരിശീലനം 2019 ഡിസംബർ മാസത്തിൽ നടത്തപ്പെടുകയുണ്ടായി. ഒന്നാം ഘട്ടത്തിൽ തദ്ദേശ സ്ഥാപന സ്റ്റിയറിംഗ് കമ്മിറ്റി, ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് നൽകിയ പരിശീലനത്തിൽ 118 ബാച്ചുകളിലായി 6276 പേർ പങ്കെടുത്തു.

രണ്ടാം ഘട്ടത്തിൽ തദ്ദേശ സ്ഥാപനതല ലോക്കൽ റിസോഴ്സ് ഗ്രൂപ്പിനുള്ള പരിശീലനം 156 ബാച്ചുകളിലായി 6555 പേർ പങ്കെടുത്തു.

മൂന്നാം ഘട്ടത്തിൽ മറ്റ് വർക്കിംഗ് ഗ്രൂപ്പിലെ കൺവീനർമാർ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവർക്കായി നടത്തിയ പരിശീലനത്തിൽ 202 ബാച്ചുകളിലായി 10773 പേർ പങ്കെടുത്തു.

അന്തിമ ഘട്ടത്തിൽ തദ്ദേശസ്ഥാപനങ്ങളിലെ വാർഡ്തല പരിശീലനം സംഘടിപ്പിച്ചതിൽ 1,51,466 പരിശീനാർത്ഥകൾ പങ്കെടുത്തു.

ഈ വിധത്തിൽ വിവിധ ഘട്ടങ്ങളിലായി 1448 ബാച്ചുകളിൽ 1,77,521 പരിശീലനാർത്ഥികൾക്ക് ദുരന്തനിവാരണ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശീലനം 2019 ഡിസംബർ - ഫെബ്രുവരി മാസങ്ങളിലായി നൽകപ്പെട്ടിട്ടുണ്ട്.

2. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നേരിട്ടുള്ള പരിശീലനങ്ങൾ സാധ്യമല്ലാതായ സാഹചര്യത്തിൽ 2020 ആഗസ്റ്റ് 3 ന് എമർജൻസി റസ്പോൺസ് ടീം അംഗങ്ങൾക്കായി ദുരന്തനിവാരണ അതോറിറ്റിയുടെ സഹായത്തോടെ കിലയുടെ ഓൺലൈൻ ലേണിംഗ് പ്ലാറ്റഫോമിൽ സർട്ടിഫിക്കറ്റ് പരിശീലനപരിപാടി നടത്തപ്പെടുകയുണ്ടായി. ഈ പരിശീലന പരിപാടിയിൽ 2774 പേർ എൻറോൾ ചെയ്യുകയും 2000 പേർ പരിശീലനം വിജയകരമായി പൂർത്തീകരിക്കുകയും ചെയ്തു. കോവിഡിന്റെ പശ്ചാത്തലത്തിൽ ഇ.ആർ.ടി അംഗങ്ങളുടെ പ്രവർത്തനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഈ പരിശീലന കോഴ്സിന്റെ വീഡിയോ ട്യൂട്ടോറിയൽ കിലയുടെ യൂട്യൂബ്, ഫേസ്ബുക്ക് ചാനലുകൾ വഴി പ്രക്ഷേപണം ചെയ്യുകയും പരിശീലന വിഷയങ്ങൾ വ്യാപകമായ രീതിയിൽ ഇ.ആർ.ടി അംഗങ്ങളുളിലേക്ക് എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

3. തദ്ദേശസ്ഥാപനതലത്തിലെ ദുരന്തനിവാരണപദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇ.ആർ.ടി അംഗങ്ങളുടെ കാര്യശേഷി വർദ്ധപ്പിക്കുന്നതിനും ദുരന്ത പ്രത്യാഘാത ലഘൂകരണ (Disaster Risk Reduction) സാധ്യത മെച്ചപ്പെടുത്തുന്നതിനുമായി, ഇ.ആർ.ടി അംഗങ്ങൾക്കായുള്ള ഓൺലൈൻ പരിശീലന പരിപാടി 23/06/2021, 25/06/2021 ,29/06/2021 തിയ്യതികളിലായി കിലയും സംസ്ഥാന ദുരന്തനിവാരണ അതോറിട്ടിയും സംയുക്തമായി സംഘടിപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി 4 വിഭാഗം ഇ.ആർ.ടി ടീമുകളായ മുന്നറിയിപ്പ് ടീം (Early Warning Dissemination Team), അന്വേഷണ

ഷാപ്രവർത്തന ഒഴിപ്പിക്കൽ ടീം (Search Rescue Evacuation Team), ക്യാമ്പ് മാനേജ്മെന്റ് ടീം helter/Camp Management Team), പ്രഥമ ശുശ്രൂഷ ടീം (First aid /Basic Life Support Team), എന്നിവയിലെ അംഗങ്ങൾക്ക് പ്രത്യേകമായ പരിശീലനങ്ങൾ Zoom പ്ലാറ്റ് ഫോം മുഖാന്തിരം നടത്തപ്പെട്ടിട്ടുണ്ട്.

4. നാഷ്ണൽ സൈക്ളോൺ ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി 63 തീരദേശ തദ്ദേശസ്ഥാപനങ്ങളിലെ 3150 ഇ.ആർ.ടി ടീം അംഗങ്ങൾക്കായുള്ള വിശദമായ 4 ദിവസത്തെ പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കിലയും പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റും സംയുക്തമായി ആരംഭിച്ചിട്ടുണ്ട്. സൈക്ളോണിന്റെ ഭാഗമായുണ്ടാകാവുന്ന ദുരന്തങ്ങളുടെ ലഘൂകരണത്തിനായി ഷെൽറ്റർ മാനേജ്മെന്റിന് പ്രാമുഖ്യം നൽകികൊണ്ടുള്ള പരിശീലനത്തിനാണ് ലക്ഷ്യം വെക്കുന്നത്.

ഇ.ആർ.ടി അംഗങ്ങൾക്കായുള്ള അടുത്ത ഘട്ട പരിശീലന പരിപാടികളും കില ആസൂത്രണം ചെയ്ത് നടത്തുന്നതാണ്.